**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2867** **22-01-2021 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റിയിലെ മീറ്റർ റീഡർമാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ടി. ബൽറാം | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | ജല അതോറിറ്റിയിലെ മീറ്റർ റീഡർമാർ പ്രതിദിനം എടുക്കേണ്ട റീഡിംഗുകളുടെ എണ്ണം നിലവിൽ എത്രയാണ്; അത് ഇരട്ടിയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടോ; | (എ) | നിലവിൽ ദ്വൈമാസം എടുക്കേണ്ട റീഡിംഗുകളുടെ എണ്ണം റൂറൽ മേഖലയിൽ 1200 ഉം അർബൻ മേഖലയിൽ 1600 ഉം ആണ് . കേരള വാട്ടർ അതോറിറ്റിയിൽ ഒൻപത് ലക്ഷം കണക്ഷനുകൾ ഉള്ളപ്പോഴാണ് 2005ൽ ഈ ക്രമീകരണം വരുത്തിയിട്ടുള്ളത് . 2020 ൽ കണക്ഷനുകളുടെ എണ്ണം 29 ലക്ഷത്തോളം ആയി. മാത്രമല്ല ജൽജീവൻ മിഷൻ വഴി 21 ലക്ഷം കണക്ഷനുകൾ കൂടി ഈ സാമ്പത്തിക വർഷം കൊടുക്കേണ്ടതായിട്ടുണ്ട് . കഴിഞ്ഞ 15 വർഷമായി മീറ്റർ റീഡിംഗ് എടുക്കുന്നതിന്റെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ലാത്തതിനാലും നിലവിലുള്ള സ്ഥിരം ജീവനക്കാരെക്കൊണ്ട് റീഡിംഗ് സൈക്കിൾ പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ടും ഉപഭോക്താ ക്കൾക്കുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി റൂറൽ മേഖലയിൽ പ്രതിദിനം 80 റീഡിംഗും അർബൻ മേഖലയിൽ പ്രതിദിനം 100 റീഡിംഗും എടുക്കണമെന്ന ഉത്തരവ് 31/12/2020 ൽ പുറത്തിറക്കിയെങ്കിലും ടി വർദ്ധനവ് വാട്ടർ അതോറിറ്റിയിലെ അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് തീരുമാനിക്കണമെന്ന അവരുടെ ആവശ്യം പരിഗണിച്ച് ടി ഉത്തരവ് നടപ്പിലാക്കുന്നത് താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ് . |
| (ബി) | പ്രവർത്തനരഹിതമായ മീറ്ററിനെക്കുറിച്ച് റിപ്പോർട്ട് നൽകാതിരിക്കുകയോ എടുക്കുന്ന മീറ്റർ റീഡിംഗുകളുടെ എണ്ണം കുറയുകയോ ചെയ്താൽ നഷ്ടം കണക്കാക്കി മീറ്റർ റീഡർമാരുടെ ശമ്പളത്തിൽ നിന്നും തുക ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) | 12/05/2005 ലെ KWA/HO/AM-16/RM എന്ന ഉത്തരവിൽ മീറ്റർ റീഡർമാർ തെറ്റായി കാറ്റഗറി രേഖപ്പെടുത്തുക, പ്രവർത്തനരഹിതമായ മീറ്ററുകളെ കുറിച്ച് റിപ്പോർട്ട് ചെയ്യാതിരിക്കുക, മീറ്റർ റീഡർമാർ എടുക്കേണ്ട റീഡിംഗുകളുടെ എണ്ണത്തിൽ കുറവ് വരുത്തുക തുടങ്ങി, അതോറിറ്റിക്ക് റവന്യൂ നഷ്ടം വരുത്തുന്നവരുടെ ശമ്പളത്തിൽ നിന്ന് ആനുപാതികമായ കുറവ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് . പുതുതായി മീറ്റർ റീഡിംഗിന് |

| | | | |
|---|---|---|---|
| | | | നിയോഗിക്കപ്പെട്ടവരുടെയും ഇതുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരുടെയും ശ്രദ്ധക്കായി ഇക്കാര്യം 31/12/2020ലെ KWA/HO/RMC/R1-950/2020 എന്ന ഉത്തരവിൽ പുനഃപ്രസിദ്ധീകരിച്ച് നൽകിയിട്ടുണ്ട് . |
| (സി) | ഒരു കണക്ഷനിൽ അസാധാരണമായ രീതിയിൽ ബിൽ തുക ഉയർന്നാൽ ബില്ല് നൽകുന്നതിന് മുമ്പ് മേലുദ്യോഗസ്ഥരെ ബോധ്യപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | അപ്രകാരം നിർദേശം നൽകിയിട്ടുണ്ട് |
| (ഡി) | നിലവിൽ മീറ്റർ റീഡിംഗ് എടുക്കുന്നതിന് എത്ര ജീവനക്കാരാണ് ഉള്ളത്; അതിൽ സ്ഥിരം ജീവനക്കാർ എത്രയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | വാട്ടർ അതോറിറ്റിയിൽ 346 മീറ്റർ റീഡർ തസ്തികകൾ ആണ് നിലവിലുള്ളത്. കൂടാതെ 402 ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ കൂടി റീഡിംഗ്/റവന്യൂ സംബന്ധമായ കാര്യങ്ങൾക്കായി ഉപയോഗിച്ചിട്ടുണ്ട്. മാത്രവുമല്ല 890 ൽ പരം കുടുംബശ്രീ മീറ്റർ റീഡർമാരും 350-ൽ പരം HR വ്യവസ്ഥയിലുള്ള മീറ്റർ റീഡർമാരും റീഡിംഗ് എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ